# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 755** **09.08.2017-ൽ മറുപടിയ്ക്ക്**

## ആദിവാസി കുട്ടികളുടെ തുടർപഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഇടയ്ക്ക് വച്ച് പഠനം നിർത്തുന്ന ആദിവാസി കുട്ടികളെ വിദ്യാലയങ്ങളിൽ തിരിച്ചെത്തിച്ച് തുടർപഠനം സാധ്യമാക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; വ്യക്തമാക്കാമോ ; | എ) | ഇടയ്ക്കുവെച്ച് പഠനം നിർത്തുന്ന ആദിവാസി കുട്ടികളെ വിദ്യാലയങ്ങളിൽ തിരിച്ചെത്തിച്ച് തുടർ പഠനം സാധ്യമാക്കുന്നതിനായി ഗോത്രബന്ധു, ഗോത്രസാരഥി എന്നീ പദ്ധതികൾ നിലവിലുണ്ട്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനായും ഗോത്രബന്ധു പദ്ധതി 2017-18 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി റ്റി.റ്റി.സി/ബി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ പ്രതിമാസം 15,000/- രൂപ ഓണറേറിയം നൽകി മെന്റർ ടീച്ചർമാരായി നിയമിക്കുന്നു. |

| | | | |
|---|---|---|---|
| | | | ദുർഘട വനപ്രദേശത്തോ, മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിൽ നിന്നും വാഹനസൗകര്യം ഇല്ലാത്തതിനാലും, വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിമൂലവും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി സ്വന്തം ഊരുകളിൽ നിന്നും കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് ഗോത്രസാരഥി.<br>ഇടയ്ക്കുവെച്ച് പഠനം ഉപേക്ഷിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തിരിച്ച് സ്കൂളുകളിലേയ്ക്ക് എത്തിക്കുന്നതിനായി പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | പ്ലസ് വൺ ക്ലാസിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്നതിലെ അജ്ഞത കാരണം ഒട്ടേറെ പേർക്ക് ഈ വർഷം തുടർപഠനം തടസ്സപ്പെട്ട സാഹചര്യം പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) | പരിശോധിച്ചിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഓൺലൈൻ സംവിധാനം വഴി അഡ്മിഷൻ ലഭിക്കാത്തവർക്ക് സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ ലഭിക്കുന്നതിന് ഹയർസെക്കണ്ടറി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| സി) | ആദിവാസി കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിന് രൂപം നൽകിയ ഗോത്ര സാരഥി പദ്ധതിയുടെ പ്രവർത്തനം പലയിടത്തും കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിന് രൂപം നൽകിയ ഗോത്ര സാരഥി പദ്ധതി സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി 353 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. 12831 കുട്ടികൾക്ക് ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. |
| ഡി) | എങ്കിൽ ആദിവാസികുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും തുടർപഠനം ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ നൽകുമോ ? | | |

Hari priya

സെക്ഷൻ ഓഫീസർ